## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1544** — **06/03/2017-ൽ മറുപടിയ്ക്ക്**

## ഹോർട്ടികോർപ്പ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത് | ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| എ) ഹോർട്ടികോർപ്പ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് തുക തിരിമറി നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ ; | എ) ഹോർട്ടികോർപ്പ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് തുക തിരിമറി നടത്തിയതായി കണ്ടെത്തിയിട്ടില്ല. |
| ബി) പ്രസ്തുത തുക കൃത്യമായി അടയ്ക്കാത്തതിനാൽ പിഴ അടയ്ക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ ; | ബി) ഉണ്ട്. |
| സി) ഹെഡ് ഓഫീസ് അക്കൗണ്ടന്റിന്റെ ചുമതല ആരാണ് വഹിക്കുന്നത്; അദ്ദേഹത്തെ വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തൽസ്ഥാനത്തു നിന്ന് മാറ്റി നിർത്തണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | സി) വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ ഹെഡ് ഓഫീസ് അക്കൗണ്ട്സിന്റെ ചുമതല വഹിച്ചിരുന്ന കരാർ ജീവനക്കാരായ അക്കൗണ്ട്സ് ഓഫീസർ ശ്രീമതി മാലിനി.ആർ-നെയും, കമ്പ്യൂട്ടർ ഓപ്പറേറ്ററായ ശ്രീമതി.ഗീത.ആർ-നെയും തിരുവനന്തപുരം ജില്ലാ സംഭരണ കേന്ദ്രത്തിലേയ്ക്ക് മാറ്റി നിയമിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ